# മഹാത്മാഗാന്ധി സർവ്വകലാശാല


## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ഒക്ടോബർ 12

# വാർത്താക്കുറിപ്പ്

## അപേക്ഷാ തീയതി

നാലാം സെമസ്റ്റർ ബി.പി.ഇ.എസ്. (നാലുവർഷ ഇന്റഗ്രേറ്റഡ് പ്രോഗ്രാം - 2018 അഡ്മിഷൻ - റഗുലർ/ 2018ന് മുമ്പുള്ള അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകൾ ഒക്ടോബർ 29 ന് ആരംഭിക്കും. പിഴയില്ലാതെ ഒക്ടോബർ 20 വരെയും 525 രൂപ പിഴയോടെ ഒക്ടോബർ 21 വരെയും 1050 രൂപ സൂപ്പർഫൈനോടെ ഒക്ടോബർ 22 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/1082/2021)

## പരീക്ഷാ തീയതി

ഒന്നും രണ്ടും സെമസ്റ്റർ എം.എ. (പ്രൈവറ്റ് രജിസ്ട്രേഷൻ - 2018, 2017, 2016, 2015 അഡ്മിഷൻ - സപ്ലിമെന്ററി/ 2014 അഡ്മിഷൻ മേഴ്സി ചാൻസ്) 2004-2011 അഡ്മിഷൻ (നോൺ സി.എസ്.എസ്.) - റഗുലർ വിദ്യാർഥികൾ (കോളേജ് സ്റ്റഡി) - അദാലത്ത് സ്പെഷൽ മേഴ്സി ചാൻസ് 2018 - പേപ്പർ 8 - റിസർച്ച് മെതഡോളജി എന്ന പേപ്പറിന്റെ പരീക്ഷ ഒക്ടോബർ 25ന് നടക്കും. പരീക്ഷകേന്ദ്രത്തിന് മാറ്റമില്ല.

(പി.ആർ.ഒ/39/1083/2021)

## സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സിലെ എം.എസ് സി. ഫിസിക്സ് ബാച്ചിൽ (2021 അഡ്മിഷൻ) എസ്.ടി. വിഭാഗത്തിൽപ്പെട്ടവരുടെ ഒരു സീറ്റൊഴിവുണ്ട്. സർവകലാശാല ക്യാറ്റ് 2021 പരീക്ഷയിൽ യോഗ്യതനേടിയ അർഹരായ വിദ്യാർതികൾ അസൽ യോഗ്യതാ രേഖകളുമായി ഒക്ടോബർ 18ന് ഉച്ചകഴിഞ്ഞ് മൂന്നിനകം പഠനവകുപ്പിൽ എത്തണം. വിശദവിവരത്തിന് പഠനവിഭാഗവുമായി ബന്ധപ്പെടുക. ഫോൺ: 0481-2731043, ഇമെയിൽ: spap@mgu.ac.in

(പി.ആർ.ഒ/39/1084/2021)

## സ്പോട് അഡ്മിഷൻ 18ന്

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിലെ എം.എ. പൊളിറ്റിക്സ് ആന്റ് ഇന്റർ നാഷണൽ റിലേഷൻസ് ബിരുദാനന്തര ബിരുദ കോഴ്സിൽ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കായി സംവരണം ചെയ്ത സീറ്റുകളിൽ ഒഴിവുള്ള ഓരോ സീറ്റിലേക്ക് സ്പോട് അഡ്മിഷനുള്ള ഇന്റർവ്യൂ ഒക്ടോബർ 28ന് രാവിലെ 11ന് പഠനവകുപ്പ് ഡയറക്ടറുടെ ഓഫീസിൽ നടക്കും. താല്പര്യമുള്ളവർ അസൽ യോഗ്യതാ രേഖകളുമായി എത്തണം.

(പി.ആർ.ഒ/39/1085/2021)

## അപേക്ഷ 18 വരെ

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ പിഎച്ച്.ഡി. കോഴ്സ്‌വർക് (2020 ബാച്ച് - സെക്കന്റ് സ്പെഷൽ) എക്സ്റ്റേണൽ പരീക്ഷകൾ ഒക്ടോബർ 20, 22 തീയതികളിൽ നടക്കും. അപേക്ഷകൾ ഒക്ടോബർ 18 വരെ പഠനവകുപിൽ സമർപിക്കാം.

## എൽ.എൽ.എം. റാങ്ക് ലിസ്റ്റ്

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ 2021-22 അക്കാദമിക വർഷത്തേക്കുള്ള ദ്വിവത്സര എൽ.എൽ.എം. കോഴ്സിന്റെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. റാങ്ക് ലിസ്റ്റ് സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട് വെബ് സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/1087/2021)

## പരീക്ഷാ ഫലം

2021 ഓഗസ്റ്റിൽ സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് സയൻസസിൽ നടന്ന നാലാം സെമസ്റ്റർ എം.എസ് സി. ഫിസിക്സ് (സി.എസ്.എസ്. - 2019-2021 ബാച്ച് - റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1088/2021)

2020 നവംബറിൽ നടന്ന എം.എസ് സി. (പി.ജി.സി.എസ്.എസ്.) ഐ.ടി. രണ്ടാം സെമസ്റ്റർ റഗുലർ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 22 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1089/2021)

2021 ഫെബ്രുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ് സി. മോളിക്യുലാർ ബയോളജി ആന്റ് ജനറ്റിക് എൻജിനീയറിംഗ് (നോൺ സി.എസ്.എസ്.) റഗുലർ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 26 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1090/2021)

2021 മാർച്ചിൽ നടന്ന നാലാം സെമസ്റ്റർ മാസ്റ്റർ ഓഫ് സയൻസ് മെഡിക്കൽ ബയോകെമിസ്ട്രി റഗുലർ/സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ഒക്ടോബർ 22 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1091/2021)

2020 മാർച്ചിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ് സി. ബയോസ്റ്റാറ്റിസ്റ്റിക്സ് (സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 23 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1092/2021)

2021 ഏപ്രിലിൽ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ നടന്ന അഞ്ചാം സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ് - 2017 അഡ്മിഷൻ റഗുലർ, 2016 അഡ്മിഷൻ സപ്ലിമെന്ററി, 2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 26 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1093/2021)

2021 ജനുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ എം.സി.എ. റഗുലർ ആന്റ് ലാറ്ററൽ എൻട്രി (റഗുലർ/ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 22 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1094/2021)

2020 മാർച്ചിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എ. ഇക്കണോമിക്സ് (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 26 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1095/2021)

## ഫാക്കൽറ്റി നിയമനം

മഹാത്മാഗാന്ധി സർവകലാശാലയുടെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റഗ്രേറ്റഡ് പ്രോഗ്രാംസ് ആന്റ് റിസർച്ച് ഇൻ ബേസിക് സയൻസിൽ (ഐ.ഐ.ആർ.ബി.എസ്.) ഗണിതശാസ്ത്രം, കമ്പ്യൂട്ടർ സയൻസ്, എൻവയൺമെന്റൽ സയൻസ്, എന്നീ വിഭാഗങ്ങളിൽ കരാറടിസ്ഥാനത്തിൽ ഫാക്കൽറ്റി അംഗങ്ങളെ നിയമിക്കുന്നു. ഗണിതശാസ്ത്ര, എൻവയൺമെന്റൽ സയൻസ് വിഭാഗങ്ങളിൽ പൊതുവിഭാഗത്തിനുള്ള ഓരോ ഒഴിവുകളും കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിൽ പട്ടികജാതി വിഭാഗക്കാർക്കുള്ള ഒരൊഴിവുമാണുള്ളത്. ബന്ധപ്പെട്ട വിഷയത്തിൽ കുറഞ്ഞത് 55 ശതമാനം മാർക്കോടെയുള്ള ബിരുദാനന്തര ബിരുദമാണ് യോഗ്യത. പട്ടിക വിഭാഗക്കാർക്ക് കുറഞ്ഞത് 50 ശതമാനം മാർക്ക് മതിയാകും. എൻ.ഇ.റ്റി. ജെ.ആർ.എഫ്., പി.എച്ച്.ഡി. യോഗ്യതകൾ പ്രസിദ്ധീകൃത പ്രബന്ധങ്ങൾ, അധ്യാപന പരിചയം എന്നിവ അഭികാമ്യം. അപേക്ഷകർക്ക് 2021

ജനുവരി ഒന്നിന് 36 വയസ് കവിയരുത്. പട്ടിക വിഭാഗക്കാർക്കും മറ്റ് പിന്നാക്ക വിഭാഗക്കാർക്കും നിയമാനുസൃത വയസിളവ് അനുവദിക്കും. നിർദ്ദിഷ്ട യു.ജി.സി. യോഗ്യതയുള്ളവർക്ക് പ്രതിദിനം 1750 രൂപ നിരക്കിൽ പ്രതിമാസം പരമാവധി 43750 രൂപ വരേയും യു.ജി.സി യോഗ്യത ഇല്ലാത്തവർക്ക് പ്രതിദിനം 1600 രൂപ നിരക്കിൽ പ്രതിമാസം പരമാവധി 40000 രൂപ വരെയും പ്രതിഫലം അനുവദിക്കും. താല്പര്യമുള്ളവർ നിശ്ചിതഫോറത്തിലുള്ള അപേക്ഷ iirbs@mgu.ac.in എന്ന ഇമെയിൽ വിലാസത്തിൽ ഒക്ടോബർ 24ന് വൈകീട്ട് അഞ്ചിനകം അയയ്ക്കണം. അപേക്ഷയോടൊപ്പം പ്രായം, യോഗ്യത തുടങ്ങിയവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ഉണ്ടാകണം. സർവകലാശാല ആവശ്യപ്പെടുന്ന സമയത്ത് സർട്ടിഫിക്കറ്റുകളുടെ അസൽ ഹാജരാക്കേണ്ടതാണ്. വിശദവിവരങ്ങൾ www.mgu.ac.in എന്ന വെബ് സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/1096/2021)

**പി.സി. സുരേഷ് കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ